# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 123** **08.02.2016 ൽ മറുപടിക്കുണ്ടായിരുന്നത്.**

## നിലവിലെ സർക്കാരിന്റെ നികുതിവരുമാനത്തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.കെ.കെ.ലതിക | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജനങ്ങളിൽ നിന്ന് അധിക വിഭവം സമാഹരിക്കുന്നതിനായി ഓരോ ബഡ്ജറ്റ് വഴിയും ഓർഡിനൻസുകൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ എന്നിവയിലൂടെയും നികുതി നിരക്കുകളിലെ വർധന, നികുതിയേതര ഇനങ്ങളിലെ വർദ്ധനവ് എന്നിവ വഴിയും പ്രതിവർഷം എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവ മൊത്തം എത്ര കോടി രൂപയാണ്; | എ) | വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**എ) എക്സൈസ് വകുപ്പ്.**

| സാമ്പത്തിക വർഷം | നികുതി പിരിവ് (കോടി രൂപയിൽ) |
|---|---|
| 2011-12 | 1888.88 |
| 2012-13 | 2249.75 |
| 2013-14 | 1931.89 |
| 2014-15 | 1778.07 |
| 2015-16 (ജനവരി വരെ) | 1577.74 |

**ബി) രജിസ്ട്രേഷൻ വകുപ്പ്**

| സാമ്പത്തിക വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2011-12 | 2773.06 |
| 2012-13 | 2747.58 |
| 2013-14 | 2353.49 |
| 2014-15 | 2390.23 |
| 2015-16 (ജനവരി വരെ) | 2072.95 |

**സി) മോട്ടോർ വാഹന വകുപ്പ്**

| സാമ്പത്തിക വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2011-12 | 1500.91 |
| 2012-13 | 1831.15 |
| 2013-14 | 2091.77 |
| 2014-15 | 2306.14 |
| 2015-16 (ജനവരി വരെ) | 2163.67 |

**ഡി) ലാന്റ് റവന്യൂ വകുപ്പ്**

| സാമ്പത്തിക വർഷം | പിരിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 155.77 |
| 2012-13 | 212.08 |
| 2013-14 | 179.52 |
| 2014-15 | 239.19 |
| 2015-16 | 221.85 (2015 ഡിസംബർ മാസം വരെ) |
| ആകെ | 1008.41 |

**ഇ) വാണിജ്യ നികുതി വകുപ്പ്**

| സാമ്പത്തിക വർഷം | പിരിച്ച തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 373.04 |
| 2012-13 | 1203.38 |
| 2013-14 | 1113.25 |
| 2014-15 | 1040.86 |
| 2015-16 | 624.93 |
| ആകെ | 4355.46 |

ബി) ഈ നടപടികൾ എല്ലാം സ്വീകരിക്കപ്പെട്ടിട്ടും ഈ സർക്കാരിന്റെ ഒരോ വർഷത്തിലും റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലേക്കെത്താൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്;

ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 712 എഫ്-എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 78 എഫ്-എൽ-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.
712 എഫ്-എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിനു ശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യ വിൽപനയിൽ കുറവ് വന്നിട്ടുണ്ട്. മദ്യ വിൽപന സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | കേയ്സുകളുടെ എണ്ണം (ലക്ഷത്തിൽ) | | |
|---|---|---|---|
| വിൽപന (കേയ്സുകളിൽ) | 2012-13 | 2013-14 | 2014-15 |
| ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം | 244.33 | 240.67 | 220.58 |
| ബിയർ | 101.64 | 107.96 | 95.59 |

ഓരോ വർഷവും രജിസ്റ്റർ ചെയ്യ ആധാരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായതും കൈമാറ്റം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടായതും രജിസ്ട്രേഷൻ വകുപ്പിന് റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലെത്താൻ സാധിക്കാത്തതിന് കാരണമായി.

പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരികയാണ്. ഇതും ലക്ഷ്യത്തിലെത്താതിരിക്കുന്നതിന് ഒരു കാരണമാണ്. എങ്കിലും മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ വരുമാനം വർഷം തോറും വർദ്ധനവാണ് കാണിക്കുന്നത്.

റബ്ബർ, മറ്റ് നാണ്യ വിളകൾ എന്നിവയുടെ വില മുൻ വർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ കുറവുണ്ടായി. ഈ കുറവ് ക്രിയാശേഷിയെ പ്രതികൂലമായി ബാധിക്കും. ഇത് നികുതി വരുമാനത്തെയും ബാധിച്ചിട്ടുണ്ട്.

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽ വന്ന കുറവും നികുതി വരുമാനം കുറയാൻ കാരണമായി.

(സി) ഈ സർക്കാരിന്റെ ഓരോ വർഷവും തനത് നികുതി-നികുതിയേതര വരുമാനത്തിന്റെ ലക്ഷ്യം എത്ര കോടി വീതമായിരുന്നു; ലക്ഷ്യത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ അതത് വർഷത്തിൽ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

(സി)

| സാമ്പത്തിക വർഷം | തനത് നികുതി വരുമാനം | | തനത് നികുതിയേതര വരുമാനം (കോടി രൂപയിൽ) | |
|---|---|---|---|---|
| | ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) | ലഭിച്ച വരുമാനം (ശതമാനത്തിൽ) | ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) | ലഭിച്ച വരുമാനം (ശതമാനത്തിൽ) |
| 2011-12 | 26,641.53 | 96.53 | 2,530.94 | 102.4141 |
| 2012-13 | 32,122.21 | 93.66 | 3,495.41 | 120.11 |
| 2013-14 | 38,771.10 | 82.52 | 4,921.57 | 113.27 |
| 2014-15 | 42,467.49 | 82.96 | 6,337.47 | 114.93 |

സെക്ഷൻ ഓഫീസർ